**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4232** **18-07-2022 - ൽ മറുപടിയ്ക്ക്**

**അഗ്രോ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം അഗ്രോ വ്യവസായ പാർക്കുകളാണ് പ്രവർത്തിച്ച വരുന്നതെന്ന് ജില്ലകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; ഏതെല്ലാം കാർഷിക വിളകൾക്കായാണ് ഓരോ അഗ്രോ വ്യവസായ പാർക്കും ക്രമീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | 1. ഇൻറഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക് - പാലക്കാട് & ആലപ്പുഴ.<br><br>നെല്ല് സംസ്കരണവുമായി ബന്ധപ്പെട്ടാണ് ഈ പാർക്കുകൾ സ്ഥാപിച്ചിരിക്കുന്നത്.<br><br>2. കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക് - മലപ്പുറം;എല്ലാവിധ ഭക്ഷ്യ-കാർഷിക വിളകളും സംസ്കരിച്ച് അതിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ അവിടെ പ്രവർത്തിക്കുന്നു.<br><br>3. കിൻഫ്ര മെഗാ ഫുഡ് പാർക്ക് - പാലക്കാട്. |
| (ബി) | വ്യവസായ വകുപ്പ് മറ്റു വകുപ്പുകളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് വ്യവസായ പാർക്കുകൾ നടത്തുന്നുണ്ടോ എന്ന വിവരം അറിയിക്കാമോ; വകുപ്പുകളുടെയും പാർക്കുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ; കൃഷി വകുപ്പിന്റെ സ്ഥലമുപയോഗിച്ച് സംസ്ഥാനത്ത് എവിടെയെങ്കിലും അഗ്രോ വ്യവസായ പാർക്ക് പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | വ്യവസായ വകുപ്പ് മറ്റു വകുപ്പുകളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് വ്യവസായ പാർക്കുകൾ നടത്തുന്നില്ല. |
| (സി) | സ്ഥല വിസ്തൃതി കൊണ്ട് ഏഷ്യയിലെ ഏറ്റവും വലിയ വിത്തു കൃഷിത്തോട്ടമായ മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തു കൃഷിത്തോട്ടത്തിൽ കൃഷി വകുപ്പുമായി സഹകരിച്ച് നാളികേര വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ